**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 387** **23-06-2026-ൽ മറുപടിയ്ക്ക്**

**വെൽഫയർ തസ്തികയിലേയ്ക്കുള്ള നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ജയിലുകളിലെ വെൽഫയർ തസ്തികയിലേക്ക് നേരിട്ട് നിയമനത്തിനായുള്ള പി.എസ്.സി പരീക്ഷയിൽ ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക സംവരണം നിലവിലുണ്ടോ; വിശദമാക്കാമോ;

**മറുപടി:** കേരളത്തിലെ ജയിലുകളിലെ വെൽഫെയർ ഓഫീസർ തസ്തികയിലേക്ക് നേരിട്ട് നിയമനത്തിനായുള്ള പി.എസ്.സി പരീക്ഷയിൽ ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേക സംവരണം നിലവിലില്ല.

ജയിൽ വകുപ്പിലെ വെൽഫെയർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്കാണ് പി.എസ്.സി വഴി നേരിട്ടുള്ള നിയമനം വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2010-ലെ കേരള ജയിൽ സർവീസസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ് പ്രകാരം, പ്രസ്തുത തസ്തികയിലേക്കുള്ള നിയമനരീതി നേരിട്ടുള്ള നിയമനവും ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലെ യോഗ്യരായ ജീവനക്കാരിൽനിന്നുള്ള തസ്തികമാറ്റ നിയമനവുമാണ്. പ്രസ്തുത തസ്തികയിലെ 50% ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേനയും 50% ഒഴിവുകൾ തസ്തികമാറ്റ നിയമനം മുഖേനയുമാണ് നികത്തുന്നത്.

**(ബി)** പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് യോഗ്യതയുള്ള ജയിൽ ഉദ്യോഗസ്ഥർക്ക് സംവരണം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ?

**മറുപടി:** പ്രസ്തുത തസ്തികയിലേക്കുള്ള പി.എസ്.സി. നിയമനത്തിന് മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (MSW) യോഗ്യതയുള്ള ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് സംവരണം നൽകുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**